**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 484** | **13-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ക്ലീൻ ഹാർബർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ സുജിത് വിജയൻപിള്ള,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ ആദ്യ വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കാനുദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ ആദ്യവർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നീണ്ടകര ഹാർബർ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി ലോകോത്തര ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബ്ബായി വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ അന്താരാഷ്ട്ര തലത്തിൽ ഉയർത്തു ന്നതിന്റെ ഭാഗമായി നബാർഡ് XXVI -ൽ ഉൾപ്പെടുത്തി 44.50 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം നീണ്ടകര, ശക്തികുളങ്ങര, കല്ലുംപുറം ഭാഗത്തായി വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നീണ്ടകര ഹാർബറിന്റെ വികസന ത്തിനായി ആധുനിക ടോയിലെറ്റ് ബ്ലോക്കുകൾ, കോൺഫറൻസ് ഹാൾ, കിയോസ്കുകൾ, കടകൾ, കാന്റീൻ എന്നിവയാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. 4.33 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. നീണ്ടകര ഫിഷിംഗ് ഹാർബറിലെ കല്ലുംപുറം ഭാഗത്തെ വികസന ത്തിന്റെ ഭാഗമായി നീണ്ടകര ഫിഷിംഗ് ഹാർബറിൽ വരുന്ന ബോട്ടുകളുടെ അറ്റകുറ്റപണി കൾക്കായി നിലവിലെ ബോട്ട് ബിൽഡിംഗ് യാർഡിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ബോട്ടു കളുടെയും മറ്റു അനുബന്ധ വസ്തുക്കളുടെയും സർവ്വീസിംഗിനും, ഐസ്, ഇന്ധനം എന്നിവ നിറയ്ക്കു ന്നതിനുമായി 5.68 കോടി രൂപയുടെ രണ്ട് ഫിംഗർ ജെട്ടികൾ കല്ലുംപുറം ഭാഗത്ത് നിർമ്മിയ്ക്കുന്നതിനായി സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. കടലിൽ രൂപപ്പെടുന്ന ശക്തമായ ചുഴലിക്കാറ്റിലും തിരമാലയിലും അകപ്പെടുന്ന മത്സ്യതൊഴിലാളികളെ രക്ഷപ്പെടുത്തി തീരത്തോട് അടുപ്പിയ്ക്കുന്നതിനായി 90 മീറ്റർ നീളമുള്ള റെസ്ക്യൂ വാർഫ് പണിയുന്നതിനായി 4.45 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ പ്രവൃത്തി നടപ്പിലാക്കി വരുന്നു. കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച് മത്സ്യതൊഴിലാളി കൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും കടൽക്ഷോഭം മൂലം കടലിൽ ഒറ്റപ്പെടുന്ന മത്സ്യതൊഴിലാളികളെ രക്ഷിച്ച് പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനും അടിയന്തിര മീറ്റിംഗ് കൂടുന്നതിലേയ്ക്കുമുള്ള കെട്ടിടവും ടി കെട്ടിടത്തിന്റെ ചുറ്റുപാടുകൾ സംരക്ഷിയ്ക്കുന്നതിനു വേണ്ടിയുള്ള സംരക്ഷണ ഭിത്തി, കെട്ടിടത്തിലേയ്ക്കുള്ള റോഡ് മുതലായവ നിർമ്മിയ്ക്കുന്നതിനായി 14.16 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഹാർബർ പരിസരത്ത് മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഗ്രീൻ ക്ലീൻ ഹാർബർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി എല്ലാ ഹാർബറുകളിലേക്കും വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | കടലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടിയ പ്ലാസ്റ്റിക്കുകളും മറ്റ് പാഴ് വസ്തുക്കളും കടലിൽ നിന്ന് ശേഖരിച്ച് ഹാർബറുകളിൽ എത്തിച്ച് സംസ്കരിക്കുന്നതിനായി ശുചിത്വ സാഗരം പദ്ധതി നീണ്ടകര ഫിഷിംഗ് ഹാർബറിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി യിട്ടുണ്ട്. നീണ്ടകര മത്സ്യബന്ധന ഉറമുഖത്ത് നടപ്പിലാക്കി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന പ്രസ്തുത പദ്ധതി മറ്റ് മത്സ്യബന്ധന ഉറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ